# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1667** **03.05.2017-ൽ മറുപടിക്ക്**

## സമ്പൂർണ്ണ ട്രോമാകെയർ സംവിധാനം

**ചോദ്യം** — **മറുപടി**

**ശ്രീ. എൻ .എ.നെല്ലിക്കുന്ന്** — **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സമ്പൂർണ്ണ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) | മെഡിക്കൽ കോളേജുകളിൽ എയിംസ് മാതൃകയിൽ ട്രോമാ കെയർ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ പ്രാരംഭ നടപടിയായി എയിംസിൽ നിന്നുള്ള എമർജൻസി വിഭാഗം മേധാവി ഉൾപ്പെടെയുള്ള വിദഗ്ധ സംഘം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പുതിയ കാഷ്വാലിറ്റി സന്ദർശിക്കുകയും, ഇതിൻപ്രകാരം സംസ്ഥാന സർക്കാർ എയിംസ് ട്രോമാ സെന്ററുമായി MOU ഒപ്പു വക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ആശുപത്രികളിൽ നിന്നും ഒരു ട്രോമാകെയർ നോഡൽ ഓഫീസറും രണ്ട് ഹെഡ് നഴ്സുമാരുമടങ്ങുന്ന ഒരു സംഘത്തെ എയിംസ് ട്രോമാകെയർ സംവിധാനങ്ങൾ നിരീക്ഷിച്ചു മനസ്സിലാക്കാനും പരിശീലനം നേടുന്നതിനുമായി അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ല, താലൂക്ക് ആശുപത്രികളിലും ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതിനുവേണ്ട എന്ത് സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; | ബി) | എയിംസ് മാതൃകയിലുള്ള ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ആശുപത്രികളെ നാല് ലെവലുകളിലുള്ള സ്ഥാപനങ്ങളായി തരംതിരിക്കാം.<br>ലെവൽ 1 - വലിയ മെഡിക്കൽ കോളേജുകൾ (കോഴിക്കോട്, തിരുവനന്തപുരം)<br>ലെവൽ 2- ജില്ലാ ആശുപത്രികൾ, ചെറിയ മെഡിക്കൽ കോളേജുകൾ (ആലപ്പുഴ, കോട്ടയം, തൃശ്ശൂർ)<br>ലെവൽ 3 - താലൂക്ക് ആശുപത്രികൾ (ചെറിയ ആശുപത്രികൾ)<br>ലെവൽ 4 - ആംബുലൻസ് പിക് അപ്<br>സർക്കാരിൽ നിന്നും പ്ലാൻ ഫണ്ടിലേയ്ക്ക് ലഭിക്കുന്ന തുക അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിക്കുന്ന മുറയ്ക്ക് KMSCL ന് ഉപകരണങ്ങളും മറ്റു സാമഗ്രികളും |

| | | | |
|---|---|---|---|
| | | | വാങ്ങുന്നതിനും മറ്റു സൗകര്യങ്ങൾ ആശുപത്രിയിൽ ഏർപ്പെടുത്തുന്നതിലേയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസുകൾക്കും തുക അനുവദിക്കുന്നു. |
| സി) | അടിയന്തിര ശുശ്രൂഷകൾക്ക് എത്തുന്നവർക്ക് സർക്കാർ ആശുപത്രിയെ കൂടാതെ സ്വകാര്യ ആശുപത്രികളിലും ജീവൻ രക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തുമോ; | സി) | സർക്കാർ ആശുപത്രികളിൽ അടിയന്തിര ശുശ്രൂഷകൾക്ക് എത്തുന്നവർക്ക് ജീവൻരക്ഷാ സംവിധാനങ്ങൾ ലഭ്യമാണ്.<br><br>സ്വകാര്യ ആശുപത്രികളിൽ ജീവൻരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നത് സർക്കാർ പരിധിയിൽ വരുന്നതല്ല. |
| ഡി) | ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുമ്പോൾ അടിസ്ഥാന സൗകര്യവിപുലീകരണത്തോടൊപ്പം ഗുണനിലവാരവും ഉറപ്പുവരുത്തുവാൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | സംസ്ഥാനത്തെ ആശുപത്രികളിൽ നിന്നും ഒരു ട്രോമാകെയർ നോഡൽ ഓഫീസറും രണ്ടു ഹെഡ് നഴ്സുമാരുമടങ്ങുന്ന ഒരു സംഘത്തെ എയിംസ് ട്രോമ സംവിധാനം നിരീക്ഷിച്ചു മനസ്സിലാക്കാനും പരിശീലനം നേടുന്നതിനുമായി അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>ട്രോമാകെയർ സൗകര്യം ഏർപ്പെടുത്തുന്നതിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാകുന്നത് KMSCL മുഖേനയാണ്. KMSCL ടി ഉപകരണങ്ങൾ ഗുണനിലവാരം ഉണ്ടോ എന്ന് ഉറപ്പുവരുത്തിയതിനു ശേഷമാണ് ആശുപത്രികളിൽ വിതരണം ചെയ്യുന്നത്. |
| ഇ) | ഏതെല്ലാം ആശുപത്രികളിലാണ് ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; | ഇ) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ജനറൽ/ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലുമാണ് പ്രാരംഭ ഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| എഫ്) | കേരളത്തിൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ സംഭവിക്കുന്ന ജില്ലകളിൽ ആദ്യഘട്ടത്തിൽ തന്നെ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | എഫ്) | കേരളത്തിലെ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ സംഭവിക്കുന്ന ജില്ലകളിലെ മേജർ ആശുപത്രികളിൽ ആദ്യഘട്ടത്തിൽ തന്നെ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**